**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 795** **28-01-2026 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ പലിശയിനത്തിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്തവർക്കും തിരിച്ചടയ്ക്കാൻ പ്രയാസം നേരിട്ടവർക്കും സമാശ്വാസമായി പലിശയിനത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; | (എ) | വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും, വായ്പ എടുത്തു തിരിച്ചടക്കാൻ പ്രയാസം നേരിടുന്നവർക്കും സമാശ്വാസമായി നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം വായ്പ തുകയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ഇളവുകൾ പലിശയിൽ അനുവദിക്കാറുണ്ട്.<br><br>• പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു.<br>• സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു.<br>• 50,000/- രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി വ്യവസ്ഥകൾക്ക് വിധേയമായി 50% വരെ ഇളവ് നൽകുന്നുണ്ട്.<br>• 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിന്മേൽ പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പ കണക്ക് അവസാനിപ്പിക്കുന്നു.<br>• 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള പലിശ മുതലിനേക്കാൾ അധികരിക്കാത്ത വായ്പകളിന്മേൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ പലിശയിൽ ഇളവ് അനുവദിക്കുന്നു.<br>• 2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 40% വരെ ഇളവ് അനുവദിക്കുന്നു.<br>• 25,00,000/- രൂപയ്ക്ക് മുകളിൽ 50,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ പരമാവധി 20% വരെ പലിശയിൽ ഇളവു അനുവദിക്കുന്നു.<br>• കൂടാതെ സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, |

| | | | |
|---|---|---|---|
| | | | മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നില നിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവരുടെ കുടിശ്ശിക വായ്പകളും അധിക ഇളവുകളോടെ ടി പദ്ധതി പ്രകാരം അടച്ച് തീർക്കാവുന്നതാണ്. |
| (ബി) | പലിശയിൽ പരമാവധി ഇളവ് അനുവദിച്ച് ഒറ്റത്തവണ തീർപ്പാക്കലിനായി സമയം അനുവദിക്കാമോ; വിശദമാക്കാമോ? | (ബി) | പലിശയിൽ പരമാവധി ഇളവു അനുവദിച്ചു ഒറ്റത്തവണ തീർപ്പാക്കലിനായി സമയം അനുവദിക്കാറുണ്ട്. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകി വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നു. സഹകരണ സംഘങ്ങളിൽ നിന്ന് ലോൺ എടുത്ത് ജപ്തി നടപടി നേരിടുന്നവർക്ക് ഇളവുകളോടെ കുടിശ്ശിക വായ്പ അടച്ച് തീർത്ത് ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അവസരം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ